(സി) 15.2.1991-ലാണ് സംസ്ഥാനത്ത് ജുവയിൽ വെൽഫെയർ ബോർഡുകൾ പ്രവർത്തനം ആരംഭിച്ചത്.

61 (637) ഐ.സി.ഡി.എസ്. പ്രോജക്ടുകൾ അനുവദിക്കാൻ നടപടി

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം ബ്ലോക്കുകളിലും മുനിസിപ്പാലിറ്റികളി ലുമാണ് ഐ.സി.ഡി.എസ്. പ്രോജക്ടുകൾ അനുവദിക്കുവാൻ ബാക്കിയുള്ള തെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എത്ര ഐ.സി. ഡി.എസ്. പ്രോജക്ടുകളാണ് അനുവദിക്കപ്പെട്ടിരുന്നതെന്നും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രോജക്ടുകൾ പുതു തായി അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) ഈ വർഷം ആരംഭിച്ച പ്രോജക്ടുകളുടെ എണ്ണം എത്രയാ ണെന്നും ഇതിൽ എത്ര പ്രോജക്ടുകളിലേക്ക് അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും തിരഞ്ഞെടുത്തുകഴിഞ്ഞുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിലെ മുഴുവൻ ബ്ലോക്കുകളിലും മുനിസിപ്പാലിറ്റിക ളിലും ഐ.സി.ഡി.എസ്. പദ്ധതി അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന 23 ബ്ലോക്കുകളിൽ ഐ.സി.ഡി.എസ്. ന്റെ പ്രവർത്തനം 2000-2001 സാമ്പ ത്തിക വർഷം മാത്രമേ ആരംഭിക്കുകയുള്ളു.

1. പാറശ്ശാല
2. വെള്ളനാട്
3. മുഖത്തല
4. കോയിപ്പുറം
5. ഈരാറ്റുപേട്ട
6. ഏറ്റുമാനൂർ
7. ഉഴവൂർ
8. ആലങ്ങാട്
9. അങ്കമാലി
10. ഇടപ്പള്ളി
11. കോതമംഗലം
12. മൂവാറ്റുപുഴ
13. പള്ളുരുത്തി
14. ചേർപ്പ്
15. കൊടകര
16. കൊടുങ്ങല്ലൂർ
17. മതിലകം
18. തോടന്നൂർ
19. മഞ്ചേരി
20. വടകര
21. കൊല്ലം പുനലൂർ (അർബൻ)

LIBRARY ARCHIVES Kerala Legislative Assembly

22. കോഴിക്കോട് (അർബൻ)

23. മലപ്പുറം (അർബൻ)

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 120 ഐ.സി.ഡി.എസ്. പ്രോജക്ടുകൾ നിലവിൽ ഉണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാക്കിയുള്ള 43 ബ്ലോക്കുകളിൽക്കൂടി ഐ.സി.ഡി.എസ് പദ്ധതി അനുവദിച്ചു.

(സി) ഈ വർഷം (1999-2000) 20 പ്രോജക്ടുകളാണ് ആരംഭിച്ചത്. ഇതിൽ 8 പ്രോജക്ടുകളിലേക്ക് അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും തെരഞ്ഞെടുത്തുകഴിഞ്ഞു. നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള പ്രോജക്ടുകളിൽ തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടില്ല.

62 (638) ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ പ്രമോഷൻ തടഞ്ഞ നടപടി

ശ്രീമതി ആർ ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ 10.12.93-ൽ പ്രസിദ്ധീകരിച്ച പ്രമോഷൻ ലിസ്റ്റിൽ ചടയമംഗലം പ്രോജക്ടാഫീസിലെ സൂപ്പർവൈസർ കെ. രജനി എത്രാം സ്ഥാനത്താണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) രജനിക്ക് മുൻപും അതിനുശേഷവും ഉള്ള ആളുകൾക്ക് പ്രമോഷൻ കൊടുക്കുകയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട രജനിക്ക് പ്രമോഷൻ കൊടുക്കാതിരിക്കുകയും ചെയ്തതിന്റെ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ അന്വേഷണം നടത്തുകയും അകാരണമായി പ്രമോഷൻ തടഞ്ഞു എങ്കിൽ കുറ്റക്കാർക്കെതിരായി നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) 10.12.93-ൽ സൂപ്പർവൈസർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ 1.1.81 മുതൽ 31.12.87 വരെ നിയമിക്കപ്പെട്ട ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ 3.2.94-ൽ പ്രസിദ്ധീകരിച്ച 43583/സ്പെഷ്യൽ സെൽ 1/94 നമ്പരായിട്ടുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ശ്രീമതി കെ. രജനി 127-ാമത് പേരുകാരിയാണ്.

(ബി) ശ്രീമതി രജനിയേക്കാൾ ജൂനിയറും സീനിയറുമായ ജീവനക്കാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ട്. എന്നാൽ അക്കൗണ്ട്സ് ടെസ്റ്റ് പാസ്സാകാത്ത കാരണത്താൽ ശ്രീമതി രജനിക്ക് പ്രമോഷൻ നൽകിയിരുന്നില്ല. 23.9.99-ലാണ് ഈ ജീവനക്കാരി അക്കൗണ്ട് ടെസ്റ്റ് പാസ്സായ വിവരം സാമൂഹ്യക്ഷേമ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടത്. അതിൻപ്രകാരം അവർക്ക് പ്രമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അകാരണമായി പ്രമോഷൻ തടഞ്ഞുവെന്ന് ബോദ്ധ്യപ്പെട്ടാൽ കുറ്റക്കാർക്കെതിരായി നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly